**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3115

15.02.2013 ൽ
മറുപടിയ്ക്ക്

## സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നൂറ് ശതമാനം നെല്ലും സപ്ലൈകോ വഴി സംഭരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ; | എ) ഇല്ല ; എന്നിരുന്നാലും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകോ വഴി സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) 2012-13 സാമ്പത്തിക വർഷത്തെ നെല്ല് ഉല്പാദനം സംബന്ധിച്ച ഔദ്യോഗിക കണക്കുകൾ വെളിപ്പെടുത്താമോ ; | ബി) യും സി) യും |
| സി) സംസ്ഥാനത്തെ നെല്ലുൽപ്പാദനത്തിന്റെ എത്ര ശതമാനം നടപ്പു വർഷം സപ്ലൈകോ വഴി സംഭരിക്കുവാൻ സാധിച്ചു ; വിശദമാക്കാമോ ? | 2012-13 ഒന്നാം വിള, രണ്ടാംവിള എന്നീ സീസണുകളിലായി 3.92 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2012-2013 ഒന്നാം സീസണിൽ 1361308.61 ക്വിന്റൽ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. രണ്ടാം സീസണിലെ സംഭരണം തുടങ്ങിയിട്ടേ ഉള്ളൂ. ഇതുവരെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും 34000 ക്വിന്റലോളം നെല്ല് സംഭരിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ